**103/2026-M**

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ **100765**

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. ജനറൽ മനോജ് മുകുന്ദ് നരവനെ ആരാണ്?
   (A) ഇന്ത്യയുടെ 28-ാമത് കരസേനാ മേധാവി
   (B) ഇന്ത്യയുടെ 20-ാമത് കരസേനാ മേധാവി
   (C) നയതന്ത്രജ്ഞൻ
   (D) രാഷ്ട്രീയ നിരീക്ഷകൻ

2. ഏത് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് റെയിൽവേ ബഡ്ജറ്റും കേന്ദ്ര ബഡ്ജറ്റും 2017 മുതൽ ഒരുമിച്ച് അവതരിപ്പിക്കാൻ ആരംഭിച്ചത്?
   (A) നിർമ്മല സീതാരാമൻ കമ്മിറ്റി റിപ്പോർട്ട്
   (B) ബിബേക് ഡെബ്റോയ് കമ്മിറ്റി റിപ്പോർട്ട്
   (C) അക്വർത്ത് കമ്മിറ്റി റിപ്പോർട്ട്
   (D) സാം പിത്രോഡ കമ്മിറ്റി റിപ്പോർട്ട്

3. വി.എസ്. അച്യുതാനന്ദന് 2026-ൽ ശുപാർശ ചെയ്യപ്പെട്ട പത്മ പുരസ്കാരം ഏതാണ്?
   (A) പത്മശ്രീ
   (B) പത്മഭൂഷൺ
   (C) പത്മവിഭൂഷൺ
   (D) ഭാരതരത്ന

4. പത്മ പുരസ്കാരങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 18 ന് എതിരല്ലെന്ന് പ്രഖ്യാപിച്ച സുപ്രീംകോടതി വിധി :
   (A) കേശവാനന്ദഭാരതി v. സ്റ്റേറ്റ് ഓഫ് കേരള
   (B) എ.കെ. ഗോപാലൻ v. സ്റ്റേറ്റ് ഓഫ് മദ്രാസ്
   (C) ബാലാജി രാഘവൻ v. യൂണിയൻ ഓഫ് ഇന്ത്യ
   (D) ഇതൊന്നുമല്ല

5. 'അവാമി ലീഗ്' എന്ന ബംഗ്ലാദേശ് പാർട്ടിയുടെ പ്രധാന നേതാവാരാണ്?
   (A) താരീഖ് റഹ്മാൻ
   (B) സിയ ഉർ റഹ്മാൻ
   (C) ഖാലിദസിയ
   (D) ഷെയ്ഖ് ഹസീന

6. എൽ.എം.വി. - 3 (ലോഞ്ച് വെഹിക്കിൾ മാർക്ക് - 3) എന്താണ്?
   (A) ഐ.എസ്.ആർ.ഒ. വികസിപ്പിച്ച വിക്ഷേപണ വാഹനം
   (B) റഷ്യയുടെ വിക്ഷേപണ വാഹനം
   (C) അമേരിക്കയുടെ വിക്ഷേപണ വാഹനം
   (D) ഫ്രാൻസിന്റെ വിക്ഷേപണ വാഹനം

7. കേരളത്തിൽ ഏറ്റവും കൂടുതൽ നാൾ മുഖ്യമന്ത്രിയായ വ്യക്തി :
   (A) പിണറായി വിജയൻ
   (B) ഇ.കെ. നായനാർ
   (C) കെ. കരുണാകരൻ
   (D) ഉമ്മൻ ചാണ്ടി

8. 'പ്ലേയിംഗ് ഇറ്റ് മൈ വേ' എന്ന പുസ്തകം ആരുടെ ആത്മകഥയാണ്?
   (A) കപിൽ ദേവ്
   (B) രാഹുൽ ദ്രാവിഡ്
   (C) സച്ചിൻ ടെണ്ടുൽക്കർ
   (D) സുനിൽ ഗവാസ്കർ

9. 'ചേരി ചേരാ നയം' ഇന്ത്യയുടെ വിദേശ നയമാക്കിയ പ്രധാന മന്ത്രിയാര്?
   (A) വി.പി. സിംഗ്
   (B) ഇന്ദിരാഗാന്ധി
   (C) മൊറാർജി ദേശായി
   (D) ജവഹർലാൽ നെഹ്റു

10. ഒന്നാം പഞ്ചവത്സര പദ്ധതിയുടെ കാലയളവ് :
   (A) 1951-56
   (B) 1952-57
   (C) 1950-55
   (D) 1949-54

11. താഴെ തന്നിരിക്കുന്നതിൽ ശരിയായി ചേർത്തിരിക്കുന്നത് :
   (A) അനുച്ഛേദം 25 - ന്യൂനപക്ഷ അവകാശം
   (B) അനുച്ഛേദം 17 - അയിത്തോച്ചാടനം
   (C) അനുച്ഛേദം 32 - സ്വാതന്ത്ര്യത്തിനുള്ള അവകാശം
   (D) അനുച്ഛേദം 18 - വിദ്യാഭ്യാസ അവകാശം

12. പഞ്ചായത്ത് അംഗമായി മത്സരിക്കാനാവശ്യമായ കുറഞ്ഞ പ്രായം :
   (A) 30
   (B) 25
   (C) 21
   (D) 18

13. ഗാന്ധിജിയെ 'രാഷ്ട്രപിതാവ്' എന്ന് വിശേഷിപ്പിച്ചതാര്?
   (A) മുഹമ്മദലി ജിന്ന
   (B) ടാഗോർ
   (C) നെഹ്റു
   (D) നേതാജി സുഭാഷ് ചന്ദ്ര ബോസ്

14. 'ജയ് ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യം ആദ്യമായി ഉയർത്തിയത് :
   (A) ലാൽ ബഹദൂർ ശാസ്ത്രി
   (B) ഇന്ദിരാഗാന്ധി
   (C) ജഗ്ജീവൻ റാം
   (D) വി.പി. സിംഗ്

15. പുന്നപ്ര വയലാർ സമരം നടന്ന വർഷം :
   (A) 1945
   (B) 1946
   (C) 1947
   (D) 1948

16. ‘ഗോവർദ്ധനന്റെ യാത്രകൾ’ ആരെഴുതിയതാണ്?

(A) സച്ചിദാനന്ദൻ
(B) ഉറൂബ്
(C) ബഷീർ
(D) ആനന്ദ്

17. ഏത് ഭരണാധികാരിയുടെ കാലത്താണ് തിരുവിതാംകൂറിൽ അടിമ കച്ചവടം നിർത്തലാക്കിയത്?

(A) റാണി ഗൗരി ലക്ഷ്മിഭായി
(B) സ്വാതിതിരുനാൾ
(C) മാർത്താണ്ഡവർമ്മ
(D) ശ്രീ ചിത്തിര തിരുനാൾ

18. ‘ബഫല്ലോ നാഷണലിസം’ എന്ന പുസ്തകത്തിന്റെ രചയിതാവ് :

(A) അരുന്ധതി റോയ്
(B) കാഞ്ച ഇളയ്യ
(C) സണ്ണി എം. കപിക്കാട്
(D) സി.കെ. ജാനു

19. ഭരണഘടനാ നിർമ്മാണ സമിതി ‘വന്ദേമാതരത്തെ’ ദേശീയഗീതമായി അംഗീകരിച്ചത് :

(A) 1950 ജനുവരി 25 ന്
(B) 1950 ജനുവരി 23 ന്
(C) 1950 ജനുവരി 24 ന്
(D) 1950 ജനുവരി 26 ന്

20. കേരളത്തിൽ പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഒഴുകുന്ന നദി :

(A) ഭാരതപ്പുഴ
(B) പമ്പ
(C) പെരിയാർ
(D) കബനി

21. 1984 മെയ് 24 ന് രൂപം കൊണ്ട കേരളത്തിലെ ജില്ല ഏത്?

(A) കാസർഗോഡ്
(B) പത്തനംതിട്ട
(C) വയനാട്
(D) ഇടുക്കി

22. പൗരത്വ നിയമം പാർലമെന്റ് അവസാനമായി ഭേദഗതി ചെയ്തതെന്ന്?

(A) 2018 ഡിസംബറിൽ
(B) 2019 ഡിസംബറിൽ
(C) 2020 ഡിസംബറിൽ
(D) 2017 ഡിസംബറിൽ

23. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി :

(A) അബ്ദുൽ കലാം ആസാദ്
(B) ഗൗരിയമ്മ
(C) ജോസഫ് മുണ്ടശ്ശേരി
(D) കൃഷ്ണയ്യർ

24. 1937-ൽ കേരളത്തിൽ സ്ഥാപിതമായ സർവ്വകലാശാലയുടെ പേര് :

(A) കോഴിക്കോട് സർവ്വകലാശാല
(B) എം.ജി. സർവ്വകലാശാല
(C) കണ്ണൂർ സർവ്വകലാശാല
(D) തിരുവിതാംകൂർ സർവ്വകലാശാല

25. 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ് (ഇർമ)' 1979-ൽ സ്ഥാപിച്ചതാര്?
(A) ഡോ. വർഗ്ഗീസ് കുര്യൻ
(B) നിർമ്മല കുര്യൻ
(C) ജവഹർലാൽ നെഹ്റു
(D) ഇന്ദിരാഗാന്ധി

26. കേരളത്തിലെ ആദ്യത്തെ ആസൂത്രിത ഇക്കോ ടൂറിസം കേന്ദ്രം ഏത്?
(A) പൊൻമുടി
(B) തെൻമല
(C) തേക്കടി
(D) നെയ്യാർ

27. ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ കൗൺസിലിലെ സ്ഥിരാംഗങ്ങളിൽ ഉൾപ്പെടാത്തതാര്?
(A) അമേരിക്ക
(B) ചൈന
(C) ഇന്ത്യ
(D) ബ്രിട്ടൺ

28. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട ഭരണഘടനാ വകുപ്പേത്?
(A) 243 A
(B) 324
(C) 325
(D) 243 K

29. ലോക്പാൽ ബിൽ പാർലമെന്റിൽ ആദ്യമായി അവതരിപ്പിച്ച വർഷം :
(A) 1968
(B) 1963
(C) 1966
(D) 1967

30. സി.ബി.ഐ. (CBI) രൂപീകൃതമായത് ഏത് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ്?
(A) കാക്ക കലേൽക്കർ കമ്മിറ്റി
(B) ഇന്ദിരാ ഗോസ്വാമി കമ്മിറ്റി
(C) സന്താനം കമ്മിറ്റി
(D) വോറ കമ്മിറ്റി

31. 'സുസ്ഥിര വികസനം' എന്ന ആശയം ആദ്യമായി അവതരിപ്പിച്ച റിപ്പോർട്ട് :
(A) ജോഹന്നസ്ബർഗ് സമ്മിറ്റ്
(B) ബ്രണ്ട് ലാന്റ് കമ്മീഷൻ റിപ്പോർട്ട്
(C) റിയോ എർത്ത് സമ്മിറ്റ്
(D) ഇതൊന്നുമല്ല

32. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ ഏത് പട്ടികയിലാണ് 'കാട്ടുപന്നി' ഉൾപ്പെടുന്നത്?
(A) ഷെഡ്യൂൾ 1
(B) ഷെഡ്യൂൾ 2
(C) ഷെഡ്യൂൾ 3
(D) ഷെഡ്യൂൾ 4

33. സൈലന്റ് വാലി നാഷണൽ പാർക്ക് സ്ഥിതിചെയ്യുന്ന ജില്ല :
(A) ഇടുക്കി
(B) പത്തനംതിട്ട
(C) തൃശ്ശൂർ
(D) പാലക്കാട്

34. മൂന്ന് വട്ടമേശസമ്മേളനങ്ങളിലും പങ്കെടുത്ത ഇന്ത്യക്കാരൻ :

(A) ഡോ. ബി.ആർ. അംബേദ്കർ
(B) എം.എം. മാളവ്യ
(C) വല്ലഭായി പട്ടേൽ
(D) ഗാന്ധിജി

35. 'ബെയർ ഫൂട്ട് പെയിന്റർ' എന്നറിയപ്പെടുന്നതാര്?

(A) പിക്കാസോ
(B) എം.എഫ്. ഹുസൈൻ
(C) രാജാ രവിവർമ്മ
(D) ആർ.കെ. ലക്ഷ്മണൻ

36. ഇന്ത്യയിൽ റെയിൽവേ സംവിധാനം നിലവിൽവന്ന വർഷം ഇന്ത്യയിലെ ഗവർണ്ണർ ജനറൽ ആരായിരുന്നു?

(A) റിപ്പൺ
(B) ഹാർഡിംങ്ങ്
(C) ഡൽഹൗസി
(D) കഴ്സൺ

37. 'ഗുൽമർഗ് സുഖവാസ കേന്ദ്രം' സ്ഥിതിചെയ്യുന്ന കേന്ദ്രഭരണ പ്രദേശം :

(A) ഡൽഹി
(B) ചണ്ഡീഗഡ്
(C) പോണ്ടിച്ചേരി
(D) ജമ്മു-കാശ്മീർ

38. എസ്.ഐ.ആർ. എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് :

(A) സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം
(B) സാക്ഷരതാ പരിപാടി
(C) ഊർജ്ജിത നികുതി പിരിവ്
(D) അക്രമരാഷ്ട്രീയം തടയൽ

39. ഇലക്ഷൻ കമ്മീഷന്റെ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനെതിരെ 2026 ഫെബ്രുവരിയിൽ സുപ്രീംകോടതിയിൽ വക്കീൽ വേഷത്തിൽ ഹാജരായി വാദിച്ച മുഖ്യമന്ത്രിയാര്?

(A) പിണറായി വിജയൻ
(B) മമതാ ബാനർജി
(C) എം.കെ. സ്റ്റാലിൻ
(D) ഹിമന്ത് ബിശ്വശർമ്മ

40. ഇന്ത്യൻ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് നിലവിൽ വന്ന വർഷം :

(A) 1998
(B) 2002
(C) 2000
(D) 2004

41. ജനറേഷൻ Z [Gen Z] എന്നതുകൊണ്ട് അർത്ഥമാക്കുന്നത് :

(A) 2025 മുതൽ ജനിക്കുന്ന തലമുറ
(B) 2013 മുതൽ 2020 കളുടെ പകുതി വരെ ജനിച്ച തലമുറ
(C) 1995-ന് മുമ്പ് ജനിച്ച തലമുറ
(D) 1997 മുതൽ 2012 വരെ ജനിച്ച തലമുറ

42. ഇന്ത്യൻ ഭരണഘടനയുടെ എട്ടാമത് പട്ടികയിൽ അവസാനമായി ഉൾപ്പെടുത്തിയ ഭാഷകൾ :

(A) ബോഡോ, ഡോഗ്രി, മൈഥിലി, സന്താളി
(B) തമിഴ്, മലയാളം, കന്നട
(C) ആസാമീസ്, ബംഗാളി, ഗുജറാത്തി
(D) ഒറിയ, ഉറുദു, തെലുഗു

43. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ മതേതരത്വം എന്ന പദം ഉൾപ്പെടുത്തിയ ഭേദഗതി :

(A) 44-ാം ഭേദഗതി
(B) 42-ാം ഭേദഗതി
(C) 40-ാം ഭേദഗതി
(D) 12-ാം ഭേദഗതി

44. 'ഓംബിർള' ആരാണ് ?

(A) 12-ാം ലോകസഭാസ്പീക്കർ
(B) രാജ്യസഭാ ചെയർമാൻ
(C) 18-ാം ലോകസഭാ സ്പീക്കർ
(D) തമിഴ്നാട് ഗവർണ്ണർ

45. വിവരാവകാശ നിയമം 2005 പ്രകാരം ജീവൽ സംബന്ധിയായ വിവരം ലഭിക്കാനുള്ള കാലയളവ് :

(A) 60 ദിവസം
(B) 30 ദിവസം
(C) 20 ദിവസം
(D) 2 ദിവസം അഥവാ 48 മണിക്കൂർ

46. സേവനാവകാശ നിയമം പാസ്സാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം :

(A) മദ്ധ്യപ്രദേശ്
(B) ബീഹാർ
(C) ഡൽഹി
(D) പഞ്ചാബ്

47. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ പുതിയ പേര് :

(A) പി.എം. റാഹത്ത് സ്കീം
(B) വി.ബി.ജി. റാംജി
(C) പി.എം. സൂര്യഘർ
(D) ലഖ്പതി ദീദീസ്

48. അമേരിക്കൻ സൈന്യം പുറത്താക്കി അറസ്റ്റ് ചെയ്ത വെനസ്വേലൻ പ്രസിഡന്റ് ആര്?

(A) ആദം റെയ്നർ
(B) സിലിയ ഫ്ലോറസ്
(C) നിക്കോളസ് മഡുറോ
(D) വ്ലാഡിമിർ പുട്ടിൻ

49. ബന്ദിപ്പൂർ നാഷണൽ പാർക്ക് സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) കേരളത്തിലെ ഇടുക്കി ജില്ലയിൽ
(B) ഉത്തരാഖണ്ഡിലെ നൈനിറ്റാളിൽ
(C) ഛത്തീസ്ഗഢിലെ ബിലാസ്പൂറിൽ
(D) കർണ്ണാടകയിലെ ചാംരാജ് നഗർ ജില്ലയിൽ

50. ഗ്രാന്റ് ട്രങ്ക് റോഡ് നിർമ്മിച്ച ഭരണാധികാരി :

(A) അക്ബർ
(B) ജഹാംഗീർ
(C) ഷാജഹാൻ
(D) ഷേർഷ

51. ഒരു ക്യൂബിന്റെ ഒരു വശത്തിന്റെ നീളം ഇരട്ടി ആയാൽ വ്യാപ്തം എത്ര മടങ്ങ് വർദ്ധിക്കും?

(A) 2 മടങ്ങ്
(B) 4 മടങ്ങ്
(C) 3 മടങ്ങ്
(D) 8 മടങ്ങ്

52. $2.534 \times 3.18 + 2.534 \times 2.16$ എന്നതിന്റെ ക്രിയ ചെയ്താൽ എന്ത് കിട്ടും?

(A) 13.53
(B) 11.53
(C) 10.53
(D) 12.53

53. ഒരു ത്രികോണത്തിന്റെ കോണുകൾ 1 : 2 : 3 എന്ന അംശബന്ധത്തിലാണ്. ഏറ്റവും വലിയ കോണിന്റെ അളവ് :

(A) $30^\circ$
(B) $60^\circ$
(C) $90^\circ$
(D) $180^\circ$

54. 18, 12, 6, 0, ——, –12.

(A) 6
(B) 12
(C) –6
(D) –18

55. $x : y = 3 : 4$ , $4x - 2y$ എത്ര?

(A) $y$
(B) $2y$
(C) $x$
(D) $2x$

56. $\frac{0.009}{x} = 0.01$ , $x$ ന്റെ വില എന്ത്?

(A) 0.9
(B) 0.09
(C) 0.009
(D) 9

57. ഒരു അധിവർഷത്തിൽ ഫെബ്രുവരി 1 തിങ്കളാഴ്ച ആണെങ്കിൽ, പിന്നെ മാർച്ച് 1 :

(A) ചൊവ്വാഴ്ച
(B) ബുധനാഴ്ച
(C) ഞായറാഴ്ച
(D) തിങ്കളാഴ്ച

58. ആദ്യത്തെ ഒറ്റ അഭാജ്യസംഖ്യയേത്?

(A) 1
(B) 2
(C) 3
(D) 5

59. 5,000 രൂപയ്ക്ക് 10% പലിശനിരക്കിൽ 2 വർഷത്തേക്കുള്ള സാധാരണ പലിശ എത്ര?

(A) 1,000
(B) 500
(C) 1,100
(D) 1,200

60. 1, 8, 27, 64, ——

(A) 97
(B) 105
(C) 125
(D) 86

61. Pick the appropriate question tag and complete the sentence :
Monsoon clouds bring rain to Kerala, ________?
(A) do they?
(B) don't they?
(C) doesn't it?
(D) aren't they?

62. "*Get up! Smell the roses!* We have a new day out there".
Which among the following statements illustrate the idiom given in italics?
(A) To start the day by smelling the roses in the garden
(B) To get up without wasting time and get ready for the day
(C) To start the day by appreciating the pleasant aspects of life
(D) To find happiness in life by smelling roses

63. Find the correctly written sentence from the following list :
(A) Reji played the violin melodiously last evening at the concert
(B) Reji played the violin last evening melodiously at the concert
(C) Reji played the violin at the concert melodiously last evening
(D) Reji played the violin melodiously at the concert last evening

64. Which of the following sentences does not have a gerund?
(A) Hunting foxes used to be a favourite sport in the UK
(B) The old man was tired of walking
(C) Hema was making pudding yesterday
(D) My son loves playing cricket

65. Choose the correct answer from the following :
The horse and carriage ________ at the door.
(A) are
(B) were
(C) has been
(D) have been

66. Fill up the blank with the suitable preposition :
The cliff hangs ________ the sea.
(A) on
(B) at
(C) from
(D) over

67. Pick the wrong representation of the genitive case from the following :
(A) Charles's kingdom
(B) My sisters' children
(C) Womens' college
(D) Socrates' wisdom

68. Pick the wrongly suffixed word from the list given below :
(A) Platonic
(B) Quixotist
(C) Spartan
(D) Machiavellian

69. Pick the phrase that means "to imagine" from the following :
(A) Think up
(B) Think over
(C) Think on your feet
(D) Think through

70. Pick the correct sentence from those given below :
(A) The river has overflowed its banks
(B) The river has overflown its banks
(C) The river has flown over its banks
(D) The river overflew its banks

71. ‘ഭഗീരഥപ്രയത്നം’ എന്നാൽ :
   (A) എളുപ്പപ്പണി
   (B) സൂത്രപ്പണി
   (C) കഠിനാധ്വാനം
   (D) പണി ചെയ്യാതിരിക്കൽ

72. ശരിയായ പദം തെരഞ്ഞെടുക്കുക :
   (A) പ്രവർത്തി
   (B) പ്രവൃതി
   (C) പ്രവൃത്തി
   (D) പ്രവർതി

73. ‘ഒരാളിന് ഈരണ്ടുപുസ്തകം വീതം കൊടുക്കണം’ - ഈ വാക്യത്തിലെ ദോഷം :
   (A) പദദോഷം
   (B) പദക്രമഭംഗം
   (C) വിശേഷണപ്രയോഗവൈകല്യം
   (D) പൗനരുക്ത്യം

74. പ്രാചീനത്തിന്റെ വിപരീതപദം :
   (A) അപ്രാചീനം
   (B) അർവ്വാചീനം
   (C) അനർഹം
   (D) ഉപചയം

75. ‘പോകട്ടെ’ എന്ന പദത്തിലെ പ്രകാര പ്രത്യയം :
   (A) നിയോജകം
   (B) നിർദ്ദേശകം
   (C) വിധായകം
   (D) അനുജ്ഞായകം

76. ‘പൂക്കൾ’ എന്ന പദത്തിലെ സന്ധി :
   (A) ആഗമം
   (B) ആദേശം
   (C) ദ്വിത്വം
   (D) ലോപം

77. ശരിയായ വാക്യം ഏത്?
   (A) പിറ്റേന്ന് നടന്ന സംഭവം ഞാൻ അവരോട് പറഞ്ഞു
   (B) പിറ്റേന്ന് നടന്ന സംഭവം അവരോട് ഞാൻ പറഞ്ഞു
   (C) നടന്ന സംഭവം പിറ്റേന്ന് ഞാൻ അവരോട് പറഞ്ഞു
   (D) ഞാൻ പിറ്റേന്ന് നടന്ന സംഭവം അവരോട് പറഞ്ഞു

78. തൽപുരുഷ സമാസത്തിനുദാഹരണം :
   (A) സംസാരസാഗരം
   (B) മീനാക്ഷി
   (C) സുഖദുഃഖങ്ങൾ
   (D) നാലമ്പലം

79. അലിംഗബഹുവചന പ്രത്യയം ഏത്?
   (A) അൻ
   (B) അൾ
   (C) ഇ
   (D) അർ

80. ‘മൃണാളം’ എന്ന വാക്കിന്റെ അർത്ഥം :
   (A) തളിര്
   (B) തരംഗം
   (C) താമര
   (D) പത്രം

81. ഒരു നിബ്ബിൾ (Nibble) എത്ര ബിറ്റുകൾ ചേർന്നതാണ്?

(A) 16
(B) 32
(C) 8
(D) 4

82. പ്രധാന മെമ്മറിക്കും (Main Memory) സെൻട്രൽ പ്രോസസിങ്ങ് യൂനിറ്റിനും (CPU) ഇടയിലുള്ള ഹൈസ്പീഡ് മെമ്മറിയാണ് :

(A) രജിസ്റ്ററുകൾ
(B) കാഷ് മെമ്മറി
(C) വർച്ച്യുൽ മെമ്മറി
(D) സെക്കണ്ടറി മെമ്മറി

83. താഴെപറയുന്നവയിൽ ഓപ്പൺ സോഴ്സ് ഓപറേറ്റിങ്ങ് സിസ്റ്റം ഏതാണ്?

(A) ലിനക്സ്
(B) വിൻഡോസ്
(C) മാക് ഓഎസ്
(D) ഇവയൊന്നുമല്ല

84. ഒരു ലോക്കൽ ഏരിയ നെറ്റ് വർക്കിൽ (LAN) ഒന്നിലധികം കംപ്യൂട്ടറുകൾ ബന്ധിപ്പിക്കുന്നതിന് ഏറ്റവും അനുയോജ്യമായ ഉപകരണമാണ് :

(A) സർവർ
(B) മോഡം
(C) സ്വിച്ച്
(D) ഫയർവാൾ

85. എന്താണ് ഫിഷിങ്ങ്?

(A) ഒരു തരം കംപ്യൂട്ടർ വൈറസ്
(B) പാസ്സ് വേഡുകൾ മനസ്സിലാക്കുന്നതിന് ഹാക്കർമാർ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ
(C) ഉപയോക്താവിനെ കബളിപ്പിച്ച് വിവരങ്ങളും പണവും തട്ടിയെടുക്കുന്ന പ്രവർത്തനം
(D) ഹാക്കിങ്ങ് തടയാൻ പ്രോഗ്രാമർ ഉപയോഗിക്കുന്ന ഒരു സാങ്കേതിക വിദ്യ

86. ഉപയോഗപ്രദമായ സോഫ്റ്റ് വേറായി തോന്നുകയും എന്നാൽ കംപ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്താൽ കംപ്യൂട്ടറിലെ ഡാറ്റയെ കേടുപാടുകൾ വരുത്തുന്ന കംപ്യൂട്ടർ വൈറസ്സുകളാണ് :

(A) സ്പാമുകൾ
(B) വേമുകൾ
(C) സ്പൈവേറുകൾ
(D) ട്രോജൻ ഹോഴ്സ്

87. യുനീവാക്ക് (UNIVAC) ന്റെ പൂർണ്ണ രൂപം :

(A) യൂനിവേഴ്സൽ ഓട്ടോമാറ്റിക്ക് കംപ്യൂട്ടർ
(B) യൂനീക്ക് ഓട്ടോമാറ്റിക്ക് കംപ്യൂട്ടർ
(C) യൂനിവേഴ്സൽ ആറ്റോമിക്ക് കംപ്യൂട്ടർ
(D) യൂനിവേഴ്സൽ അറേ കംപ്യൂട്ടർ

88. കംപ്യൂട്ടറുകളിൽ സോളിഡ് സ്റ്റേറ്റ് ഡിവൈസ് (SSD) ന്റെ ഉപയോഗം എന്ത്?

(A) കംപ്യൂട്ടറുകളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന്

(B) ഓപ്പറേറ്റിങ്ങ് സിസ്റ്റവും സോഫ്റ്റ് വേർ ആപ്ലിക്കേഷനുകളും സംഭരിക്കുന്നതിന്

(C) കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുമായി ബന്ധിപ്പിക്കുന്നതിന്

(D) കംപ്യൂട്ടർ വൈറസുകളെ തടയുന്നതിന്

89. ഇന്റർനെറ്റുമായി ബന്ധിപ്പിച്ചിട്ടുള്ള ഉപകരണങ്ങൾക്ക് ഇന്റർനെറ്റ് പ്രോട്ടോക്കോൾ അഡ്രസ്സ് (IP Address) നൽകുന്നത് എന്തിന്?

(A) സ്പാം മെയിലുകളെ തടയുന്നതിന്

(B) വെബ്സൈറ്റുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന്

(C) കംപ്യൂട്ടർ നെറ്റ് വർക്കിലെ ഉപകരണങ്ങളെ കൃത്യമായി തിരിച്ചറിയുന്നതിന്

(D) കംപ്യൂട്ടർ നെറ്റ് വർക്കിലേക്കുള്ള അനധികൃതമായി നുഴഞ്ഞു കയറ്റം തടയുന്നതിന്

90. താഴെ പറയുന്നവയിൽ ഡാറ്റാബേസ് സോഫ്റ്റ് വേർ ഏതാണ്?

(A) മൈക്രോസോഫ്റ്റ് എക്സൽ

(B) ഓപ്പൺ ഓഫീസ് റൈറ്റർ

(C) മൈക്രോസോഫ്റ്റ് വിൻഡോസ്

(D) മൈക്രോസോഫ്റ്റ് ആക്സസ്

91. തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 'ചന്ദ്രവളയം' ഉപയോഗിച്ച് പാടുന്ന കാവ്യം ഏതാണ്?

(A) രാമകഥാപാട്ട്

(B) ഭാരതം പാട്ട്

(C) തിരുനിഴൽമാല

(D) ഭാരതമാല

92. 'ദക്ഷിണകാശി' എന്നറിയപ്പെടുന്ന കേരളത്തിലെ ഒരു സുപ്രധാന ക്ഷേത്രം ഏതാണ്?

(A) കൊട്ടിയൂർ ക്ഷേത്രം

(B) ആഴിമല ശിവക്ഷേത്രം

(C) ഓച്ചിറ പരബ്രഹ്മക്ഷേത്രം

(D) ശ്രീകണ്ഠേശ്വരം ക്ഷേത്രം

93. വർഷത്തിലൊരിക്കൽ ചിത്രാപൗർണമി ദിനത്തിൽ മാത്രം നടതുറക്കുന്ന കേരളത്തിലെ കണ്ണകി ക്ഷേത്രം ഏതാണ്?

(A) മലയാലപ്പുഴ ദേവീ ക്ഷേത്രം

(B) കാടാമ്പുഴ ദേവീക്ഷേത്രം

(C) പനച്ചിക്കാട് ദേവീ ക്ഷേത്രം

(D) മംഗളാദേവീ ക്ഷേത്രം

94. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഭഗവതിക്കാവുകളിൽ മീനമാസത്തിലെ കാർത്തിക മുതൽ പൂരം വരെ 9 ദിവസങ്ങളിലായി നടത്തിവരുന്ന അനുഷ്ഠാനകലാവിശേഷം ഏത്?

(A) കളിയാട്ടം
(B) പൂരക്കളി
(C) പടയണി
(D) കളരിപ്പയറ്റ്

95. കേരളത്തിലെ ഏറ്റവും വലിയ ചുവർ ചിത്രം കായംകുളം കൃഷ്ണപുരം കൊട്ടാരത്തിലാണ് ഉള്ളത്. ഈ ചിത്രം ഏത് കഥയെ ആസ്പദമാക്കിയുള്ളതാണ്?

(A) പൂതനാമോക്ഷം
(B) രാസക്രീഡ
(C) ഗജേന്ദ്രമോക്ഷം
(D) കംസവധം

96. യുനെസ്കോ പൈതൃക പട്ടികയിൽ അംഗീകരിക്കപ്പെട്ട കേരളത്തിലെ ക്ഷേത്രകല ഏതാണ്?

(A) കൂടിയാട്ടം
(B) കഥകളി
(C) കൂത്ത്
(D) തുള്ളൽ

97. താഴെപ്പറയുന്നവരിൽ അദ്വൈത വേദാന്തത്തിന്റെ പ്രബോധകൻ ആരാണ്?

(A) രാമാനുജാചാര്യർ
(B) മാധവാചാര്യർ
(C) ശങ്കരാചാര്യർ
(D) വല്ലഭാചാര്യർ

98. കഥകളിയുടെ പുനരുജ്ജീവനത്തിൽ പ്രധാന പങ്കുവഹിച്ച കവിയാര്?

(A) കുമാരനാശാൻ
(B) വള്ളത്തോൾ നാരായണമേനോൻ
(C) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ
(D) ഉള്ളൂർ എസ്. പരമേശ്വരയ്യർ

99. കേനോപനിഷത്ത് പ്രധാനമായും ഏത് വിഷയത്തെ പ്രതിപാദിക്കുന്നു?

(A) ഭക്തി
(B) യാഗവിധി
(C) ബ്രഹ്മജ്ഞാനം
(D) രാജധർമ്മം

100. തിരുവനന്തപുരം ജില്ലയിലെ 'തിരുവല്ലം' എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ ക്ഷേത്രത്തിലെ പ്രതിഷ്ഠ ഏതാണ്?

(A) പരശുരാമൻ
(B) ശ്രീരാമൻ
(C) ബലരാമൻ
(D) ശ്രീകൃഷ്ണൻ